**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2441

09.12.2014-ൽ മറുപടിക്ക്

**ഭവന പദ്ധതികൾ**

**ചോദ്യം**

ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ഭവന പദ്ധതികൾ ഏതെല്ലാം; ഇവയിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പദ്ധതികൾ ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര വീടുകൾ നല്കിയിട്ടുണ്ട്; ഇവയ്ക്ക് ഓരോ വർഷവും ചെലവാക്കിയ തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ഏതെങ്കിലും ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; ഇതു വഴി എത്ര പേർക്ക് ഭവന നിർമ്മാണത്തിന് സഹായം നല്കി; ഇതിന് എത്ര തുക ചെലവാക്കിയിട്ടുണ്ട്; വിശദാംശം നല്കുമോ;

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡുവഴി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഭവന പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

കേന്ദ്ര സ ർക്കാർ ഗ്രാന്റും സ ംസ്ഥാന സ ർക്കാർ വിഹിതവും വിനിയോഗിച്ച് ബോർഡ് വർക്കിംഗ് വിമൻ സ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നിർമ്മാണ ചെലവിന്റെ എസ്റ്റിമേറ്റ് തുകയുടെ 75% കേന്ദ്ര സ ർക്കാർ ഗ്രാന്റായും 25% തുക സ ംസ്ഥാന സ ർക്കാർ വിഹിതമായി ബജറ്റിലൂടെയും ലഭ്യമാകുന്നുണ്ട്.

(ബി) വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

(സി) വിശദാംശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

(ഡി) സംസ്ഥാനത്തെ ഭവന രഹിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നല്കുമോ?

(ഡി) ലാന്റ് റവന്യൂ കമ്മീഷണറുടെ 26.11.2013- ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 470606 കുടുംബങ്ങൾ ഉണ്ട്. വിശദാംശം അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ